ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/06/2015

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16

## വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!
ദയാനന്ദ സന്ദേശം വൈദിക മാസിക

## ദയാനന്ദ സന്ദേശം വൈദിക മാസിക

**സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**
**അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ**
**വൈദിക സിംഹഗർജ്ജനം!**
**ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!**

**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**

**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം**
**വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം,**
**ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*

**ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ**
**ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.**

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400**
**Punjab National Bank- Cherpalcheri Branch**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 2 ലക്കം 12

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ജ്യേഷ്ഠം – ആഷാഢം
1190 എടവം – മിഥുനം 2015 ജൂൺ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



**റാണി ലക്ഷ്മിബായ്**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

- ജൂൺ 01 – ദയാനന്ദ് ആംഗ്ലോ വേദിക് (DAV) കോളേജ് ലാഹോറിൽ സ്ഥാപിക്കപ്പെട്ടു
- ജൂൺ 18 – റാണി ലക്ഷ്മിബായ് രക്തസാക്ഷിദിനം
- ജൂൺ 21 – ഡോ. ഹെഡ്ഗേവാർ നിർവ്വാണദിനം
- ജൂൺ 23 – ഡോ. ശ്യാമപ്രസാദ് മുഖർജി രക്തസാക്ഷിദിനം
- ജൂൺ 27 – ബങ്കിം ചന്ദ്ര ചാറ്റർജി ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 4*

***മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ***

**ഏമാശുമാശവേ ഭര യജ്ഞശ്രിയം നൃമാദനമ്|**
**പതയന് മന്ദയത് സഖമ് ||**

***(ഋഗ്വേദം 1.4.7)***

**പദാർത്ഥം:** ഹേ ഇന്ദ്ര പരമേശ്വരാ! അങ്ങ് കൃപചെയ്ത് ഞങ്ങളുടെ ധനവും (ആശവെ) വാഹനങ്ങളിൽ വേഗാദിഗുണങ്ങളെ ശീഘ്രം പ്രാപിക്കുവാൻ (ആശുമ്) വേഗാദിഗുണങ്ങളോടുകൂടിയ അഗ്നി, വായു തുടങ്ങിയ പദാർത്ഥങ്ങളും (യജ്ഞശ്രിയമ്) ചക്രവർത്തി രാജ്യത്തിന്റെ മഹിമയുടെ പ്രകാശം പരത്തി (ഈമ്) ജലം, പൃഥിവി തുടങ്ങിയ (നൃമാദനമ്) മനുഷ്യർക്ക് അത്യന്ത ആനന്ദം നൽകുന്നതും (പതയത്) ഉടമകളാക്കുന്നതും (മന്ദയത് സഖമ്) ഏതൊന്നാലാണോ ആനന്ദത്തെ പ്രാപിക്കുന്നത് ആ വിദ്യയെ നൽകുന്നതായ മിത്രമായിതീർന്ന് (ഭര്) വിജ്ഞാനം തുടങ്ങിയ ധനങ്ങൾ ഞങ്ങളിൽ ധാരണം ചെയ്യിപ്പിച്ചാലും.

**ഭാവാർത്ഥം:** പുരുഷാർത്ഥിയായ മനുഷ്യരിലാണ് ഈശ്വരൻ കൃപചൊരിയുക. ആലസ്യത്തിലാണ്ടവരിലല്ല. മനുഷ്യൻ ശരിയായ പുരുഷാർത്ഥം അനുഷ്ഠിക്കുന്നതുവരെ ഈശ്വരകൃപയും താൻ ചെയ്ത കർമ്മങ്ങളാൽ പ്രാപ്തമായ പദാർത്ഥങ്ങളുടെ സംരക്ഷണവും നേടാൻ സമർത്ഥമാവുന്നില്ല. അതിനാൽ മനുഷ്യർ പുരുഷാർത്ഥികളായി ഈശ്വരകൃപയെ അനുഭവിക്കാൻ പ്രാപ്തരാകണം.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

## വേദങ്ങളുടെ അംഗങ്ങൾ

3. **നിരുക്തം**: പണ്ട് അനേകം നിരുക്തഗ്രന്ഥങ്ങൾ ഉണ്ടായിരുന്നുവെങ്കിലും യാസ്കാചാര്യരുടെ നിരുക്തം മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.
4. ജ്യോതിഷഗ്രന്ഥങ്ങളിൽ സൂര്യസിദ്ധാന്തം ഏറ്റവും മുഖ്യമാണ്.

(തുടരും)

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***



ഒരു ആര്യസമാജം പ്രസിദ്ധീകരണം ദയാനന്ദസന്ദേശം

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദ ജിജ്ഞാസുക്കൾക്ക് സുവർണ്ണാവസരം


വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ വേദപ്രചാരകരെ വാർത്തെടുക്കുന്നതിനായി ആരംഭിച്ച പഠനകേന്ദ്രത്തിലേക്ക് പ്രവേശനം തുടരുന്നു. പത്താം തരം അഥവാ പ്ലസ്ടു പാസ്സായവരും വൈദിക വിഷയങ്ങളിൽ അഭിരുചി ഉള്ളവരും ധർമ്മ പ്രചാരണത്തിന് പൂർണ്ണസമയം പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവരുമായ തിരഞ്ഞെടുക്കപ്പെട്ട ഏതാനും ആൺകുട്ടികൾക്കാണ് ആദ്യബാച്ചിൽ പ്രവേശനം നൽകുക. കേരളത്തിലെത്തിയ ആദ്യത്തെ ആര്യസമാജ പ്രചാരകനായിരുന്ന പണ്ഡിറ്റ് ഋഷിറാമിന്റെ നാമധേയത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഈ സ്ഥാപനത്തിൽ വൈദിക വിഷയങ്ങളിൽ ഉന്നത പഠനഗവേഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. വൈദികസാഹിത്യം (വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ), അഷ്ടാദ്ധ്യായി വ്യാകരണം, നിരുക്തം, ഛന്ദഃശാസ്ത്രം, വേദാംഗ ജ്യോതിഷം, യോഗപ്രാണായാമം എന്നിവക്കു പുറമേ മതങ്ങളുടെ താരതമ്യ പഠനം , കമ്പ്യൂട്ടർ പരിജ്ഞാനം, ശാസ്ത്രാർത്ഥം(മത സംവാദങ്ങൾ) നടത്തുന്നതിനുള്ള പരിശീലനം, ആയോധനകലകൾ എന്നിവയും പാഠ്യവിഷയങ്ങളായിരിക്കും. ആര്യസമാജത്തിലെ പ്രശസ്ത ഗുരുകുലങ്ങളായ റോജഡ്, അജ്മീർ, ഉപദേശക് വിദ്യാലയ് (ഹിസ്സാർ) എന്നിവിടങ്ങളിൽ നടത്തുന്ന വൈദിക പഠനത്തിന് സമാനമായ തരത്തിൽ തികച്ചും ആർഷപദ്ധതിയിൽ അധിഷ്ഠിതമായ അദ്ധ്യയനം നൽകാൻ ഉതകുന്ന ഒരു കേന്ദ്രം കേരളത്തിൽ ആരംഭിക്കുകയാണ്.

പ്രവേശനപരീക്ഷക്കും അഭിമുഖത്തിനും ശേഷം യോഗ്യരാണെന്ന് ബോദ്ധ്യപ്പെട്ടവർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളു. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനശേഷം ഇവർ ധർമ്മപ്രചാര പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന നിബന്ധനയുമുണ്ട്. ഗുരുകുലത്തിലെ വ്യാവഹാരിക ഭാഷ സംസ്കൃതമായിരിക്കും. ബ്രഹ്മചാരികൾ ഗുരുകുലത്തിൽ തന്നെ താമസിച്ചു പഠിക്കണം. ഇടക്കാലത്ത് പുറത്ത് പോകാൻ അനുവാദമുണ്ടായിരിക്കില്ല. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വിദ്യാവാചസ്പതി, വേദവാചസ്പതി തുടങ്ങിയ ബിരുദങ്ങൾ നൽകുന്നതാണ്. അംഗീകൃത സർവ്വകലാശാലാ ബിരുദ ബിരുദാനന്തര കോഴ്സുകളും ഇതോടൊപ്പം പഠിക്കാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റ സഹിതം 2015 ജൂലായ് 15 ന് മുമ്പായി ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി തപാൽ, പാലക്കാട്-679504 എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ : 9562529095.9446017440.

***സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)***
***ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !***

# സ്വാമി ശ്രദ്ധാനന്ദൻ

*സാധ്വി സരോജിനി സരസ്വതി*



**ആ**ധുനിക ഭാരതചരിത്രത്തിൽ അവിസ്മരണീയമായ ഒരു സ്ഥാനമാണ് സ്വാമി ശ്രദ്ധാനന്ദന്റേത്. വിദ്യാഭ്യാസ വിചക്ഷണൻ, സാമൂഹ്യപരിഷ്കർത്താവ്, സ്വാതന്ത്ര്യസമരസേനാനി, വേദപ്രചാരകൻ എന്നീ നിലകളിൽ സ്വന്തമായി വ്യക്തിമുദ്ര പതിപ്പിച്ച മഹത് വ്യക്തിയായിരുന്നു സ്വാമി ശ്രദ്ധാനന്ദൻ.

ക്രിസ്തുവർഷം 1856 ൽ പഞ്ചാബിലെ ജലന്ധർ ജില്ലയിലെ സത്‌ലജ്നദിയുടെ കരയ്ക്കുള്ള തൽവൻ എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ ആദ്യകാലനാമം മുൻഷിറാം എന്നായിരുന്നു. പിതാവ് പോലീസ് വിഭാഗത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനും മാതാവ് അധികം വിദ്യഭ്യാസമില്ലാത്ത ഒരു സാധാരണ ഗൃഹനാഥയുമായിരുന്നു. എന്നാൽ അവർ കോമള സ്വഭാവമുള്ളവളും സ്നേഹശീലയുമായിരുന്നു.

പിതാവ് ഉഗ്രസ്വഭാവിയായിരുന്നു എങ്കിലും മുൻഷിറാമിനെ വളരെയധികം സ്നേഹിച്ചിരുന്നു. മുൻഷിറാമിന്റെ അനിയന്ത്രിതമായ ജീവിതത്തിനും അതുകാരണമായിത്തീർന്നു.

മുൻഷിറാമിന് ബ്രഹ്മചര്യപൂർവ്വം വിദ്യാഭ്യാസം കിട്ടുകയും തങ്ങളുടെ പ്രാചീന ആര്യസംസ്കാരത്തെക്കുറിച്ചുള്ള ജ്ഞാനം കിട്ടുകയും ചെയ്തിരുന്നുവെങ്കിൽ ജീവിതം നിരങ്കുശമാവുകയില്ലായിരുന്നു. ഈ അനിയന്ത്രിത ജീവിതത്തിലും അദ്ദേഹം സത്യത്തെക്കുറിച്ച് ജിജ്ഞാസുവായിരുന്നു. സത്യഗ്രഹണത്തിലും അസത്യപരിത്യാഗത്തിലും തല്പരനായിരുന്നു.

അദ്ദേഹം കാശിയിൽ താമസിച്ചിരുന്നപ്പോൾ എന്നും വിശ്വനാഥക്ഷേത്രത്തിൽ ദർശനത്തിന് പോകുമായിരുന്നു. ഒരു ദിവസം താമസിച്ച് പോയതിനാൽ പാറാവുകാരൻ അകത്തോക്ക് കടത്തിവിട്ടില്ല. റീവാരാജ്യത്തെ മഹാറാണി ദർശനത്തിനായി വന്നിട്ടുണ്ടെന്നും അവർ പോയ ശേഷം ദർശനം നടത്താമെന്നും പറഞ്ഞത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ദർശനം നടത്താതെ തിരിച്ചുപോയി. അദ്ദേഹത്തിന്റെ മനസ്സ് വ്യാകുലമായി. ചോദ്യങ്ങൾ ആവർത്തിച്ചു കൊണ്ടിരുന്നു. ഒരു റാണിക്ക് ഭക്തരെ തടയാൻ കഴിയുമെങ്കിൽ അതിനെ നേരിടാൻ കഴിയാത്ത ലോകനാഥനാണോ ആ ദൈവം? അത് വിശ്വനാഥൻ തന്നെയാണോ? ആ വിശ്വനാഥനും ഇങ്ങനെ പക്ഷപാതം ഉണ്ടാകുമോ? ഈ പ്രതിമകളെ ആരാണ് ദേവതകളാക്കിയത്. മനുഷ്യരും ദേവതകളിൽ നിന്ന് തന്നെയാണോ പക്ഷപാതം പഠിച്ചത്? ഇങ്ങനെ ചിന്തിച്ച് ഉറങ്ങാതെ കിടന്നു. വിഗ്രഹാരാധനയോടുള്ള വെറുപ്പ് മനസ്സിൽ കടന്ന് കൂടി. അതിനെക്കുറിച്ച് "കല്യാൺ മാർഗ്ഗ് കെ പഥിക്" എന്ന ഹിന്ദി ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതിങ്ങനെയാണ്. 'മതത്തോടുള്ള എന്റെ വിശ്വാസം അസ്തമിച്ചു. മതം തട്ടിപ്പാണെന്നും ബുദ്ധിമാന്മാരായ സൂത്രശാലികൾക്ക് നിഷ്കളങ്കരെ കുരുക്കാനായി പടച്ചുണ്ടാക്കിയതാണെന്നും മനസ്സിലായി. ഇതിനെക്കാൾ നല്ലത് നാസ്തികത തന്നെ എന്ന് ഞാൻ ഉറപ്പിച്ചു. തന്മൂലം എന്റെ ജീവിതം മുമ്പത്തെക്കാൾ കൂടുതൽ അനിയന്ത്രിതവും ഉച്ഛൃംഖവുമായിത്തീർന്നു. ആ നാസ്തികത എനിക്ക് ഒരാവേശമായിത്തീർന്നു'.

*(തുടരും)*

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 2** ലക്കം 12

**വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ജ്യേഷ്ഠം- ആഷാഢം**
**1190 എടവം - മിഥുനം 2015 ജൂൺ**

**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| ശത്രുവോ? മിത്രമോ? | : | 8 |
| ജീവിതം ഒരലയാഴി | : | 10 |
| സംശയനിവാരിണി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| സ്വാമി ശ്രദ്ധാനന്ദൻ | : | 14 |
| വാർത്തകൾ | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ദയാനന്ദ ദർശനത്തിലെ സാർവ്വഭൗമികത



**മ**ഹർഷി ദയാനന്ദന്റെ ദർശനങ്ങൾ സാർവ്വഭൗമികതയിലൂന്നിയതാണ്. ഏതെങ്കിലും ജാതി, വർഗ്ഗ, ദേശ, മതവിഭാഗങ്ങൾക്കോ പ്രത്യേക രാഷ്ട്രത്തേ ലക്ഷ്യമാക്കിയോ അല്ലെന്നർത്ഥം. സമ്പൂർണ്ണവിശ്വത്തേയും ഉൾക്കൊള്ളുന്നതാണത്. ലോകമെമ്പാടുമുള്ള മാനവരെ സ്വന്തം ദേശവാസികളായി അദ്ദേഹം കണ്ടു. തന്റെ വിദ്യാഭ്യാസപദ്ധതിയുടെ കാര്യത്തിൽ അദ്ദേഹം ഭാരതീയനെന്നോ യൂറോപ്യനെന്നോ അമേരിക്കകാരനെന്നോ ഉള്ള വ്യത്യാസം അംഗീകരിച്ചില്ല. മുഴുവൻ ലോകത്തിന്റേയും ഉന്നമനവും ഉൽക്കർഷവുമാണദ്ദേഹം ദർശിച്ചത്.

ഈശ്വരൻ ഒന്നേയുള്ളൂ. അദ്ദേഹം ഈ സൃഷ്ടിയുടെ രചയിതാവും പിതാവും മാനവരുടേയെല്ലാം ഗുരുവുമാണെന്നദ്ദേഹം ഉദ്ഘോഷിച്ചു. ഏതൊരുമനുഷ്യനും അയാൾ പാശ്ചാത്യനായാലും ഏഷ്യക്കാരനായാലും യൂറോപ്പ്, ആഫ്രി

*അഗ്നിനാഗ്നിഃ സമിധ്യതേ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ക്ക, അമേരിക്ക എന്നിവിടങ്ങളിലുള്ളവനായാലും അയാൾ ഈശ്വരന്റെ സന്താനമാണ്. മാനവരെല്ലാവരും ഒരു കുടുംബാംഗമാണ്. പരസ്പരം സഹോദരരാണ്. അവർ പ്രേമപൂർവ്വം പരസ്പരം സഹായികളായിവർത്തിക്കണം. ഈശ്വരൻ ഏവരേയും ഒരേപോലെയാണ് സ്നേഹിക്കുന്നത്. ന്യായകാരിയാണദ്ദേഹം. നിരാകാരനും അമരനുമാണ്. അദ്ദേഹം മാത്രമാണ് ഉപാസനയ്ക്ക് യോഗ്യനായിട്ടുള്ളത്. വേദങ്ങൾ എല്ലാ സത്യവിദ്യകളുടേയും പുസ്തകമാണെന്നു പറഞ്ഞ മഹർഷി ദയാനന്ദൻ ഈശ്വരൻ സൃഷ്ടിയുടെ തുടക്കത്തിൽ സർവ്വരുടേയും മംഗളത്തിനായാണ് വേദങ്ങൾ പ്രകാശിപ്പിച്ചതെന്ന് ഓർമ്മിപ്പിച്ചു. വേദജ്ഞാനം മാനവരുടെ മംഗളത്തിനായുള്ള ആജ്ഞയും ഉപദേശവുമാണ്. അവ ദേശാതിവർത്തിയാണ്. എല്ലാവരും ഈ ദിവ്യജ്ഞാനത്തിന്റെ സ്വാദ്ധ്യായം ചെയ്യുകയും അവക്കനുരൂപമായ ആചരണമനുഷ്ഠിക്കുകയും വേണം. വേദങ്ങൾ ആര്യാവർത്തവാസികൾക്ക്മാത്രമായുള്ളതല്ലാ എന്ന് ആര്യസമാജത്തിന്റെ നിയമങ്ങളിൽ മഹർഷി സ്പഷ്ടമാക്കിയിട്ടുണ്ട്. വേദങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യേണ്ടത് എല്ലാ ആര്യന്മാരുടേയും പരമധർമ്മമാണ്. ഋഷി ദയാനന്ദൻ സാർവ്വഭൗമിക കാഴ്ചപ്പാടിലൂന്നി ആർഷഗുരുകലപദ്ധതി പുനഃരുജ്ജീവിപ്പിച്ചു. തൻമൂലം നമ്മുടെ അടുത്ത തലമുറ വേദങ്ങളുടെ യഥാർത്ഥസ്വരൂപം അറിയുവാനും സമഗ്രമംഗളത്തിനായി പ്രയത്നിക്കാനും പ്രേരണ നൽകി.

മതമതാന്തരങ്ങളുടേയും ജാതിസ്പർദ്ധയുടേയും അധിനിവേശങ്ങളുടേയും ഈ ഭീഷണമായ അവസ്ഥയിൽ മഹർഷി ദയാനന്ദന്റെ സാർവ്വഭൗമിക ദർശനത്തിന്റെ പ്രസക്തി വളരെ ഏറെയാണ്.

**പത്രാധിപർ**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധയ്ക്ക്

**ദയാനന്ദ സന്ദേശം മാസിക എല്ലാ ഇംഗ്ലീഷ് മാസവും 10 – ാം തിയ്യതിക്ക് പാലക്കാട് ആർ.എം.എസ്. വഴിയാണ് അയക്കുന്നത്. ഏതാനും പ്രദേശങ്ങളിൽ മാസിക ലഭിക്കുന്നില്ല എന്ന പരാതികൾ ലഭിക്കുന്നുണ്ട്. അതിനാൽ മാന്യവരിക്കാർ മാസിക സ്ഥിരമായി ലഭിക്കുന്നില്ലെങ്കിൽ തങ്ങളുടെ പോസ്റ്റോഫീസിൽ രോഖാമൂലം പരാതിനൽകണമെന്ന് അഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*






*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം – ബാലപംക്തി**

**ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



## വൈദിക പാഠശാലകളുടെ സ്ഥാപനം

**ത**ന്റെ വിദ്യാഭ്യാസാശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി സ്വാമിജി പാഠാശാലകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി. ആദ്യമായി ഫറൂഖാബാദിലുള്ള തന്റെ ഭക്തനായ പന്നലാൽ തുടങ്ങിയ വ്യക്തികളുടെ സഹായത്താൽ ഒരു പാഠശാല ആരംഭിച്ചു.

## രാംഗഡിലെ പ്രവർത്തനങ്ങൾ

ഫറൂഖാബാദിലെ പാഠശാല തുടങ്ങിയവയുടെ സ്ഥാപനശേഷം സ്വാമിജി രാംഗഢിലേക്കുപോയി. വിഗ്രഹാരാധാനക്കെതിരെ ശക്തമായ പ്രചാരണം അദ്ദേഹമവിടെ നടത്തി. പൗരാണികരായ പണ്ഡിതന്മാർ ഈ വിഷയത്തിൽ ശാസ്ത്രാർത്ഥം നടത്താനായി മുന്നോട്ടുവന്നു. സത്യ-ധർമ്മ പ്രചാരണത്തിൽ പ്രവർത്തിക്കുന്നവർ വളരെ വിരളമായിരുന്നു അക്കാലത്ത് എന്നത് ദുഃഖകരവും ഖേദകരവുമായ വിഷയമായിരുന്നു. സർവ്വപൗരാണിക പണ്ഡിതന്മാരും കൂട്ടത്തോട് കൂടി വന്ന് സ്വാമിജിക്കു മുമ്പിൽ ചോദ്യശരങ്ങൾ ചെയ്ത് ബഹളം വെച്ചു. സ്വാമിജി ഇത്തരത്തിലുള്ള കോലാഹലത്തിൽ ഒട്ടും സന്തുഷ്ടനായില്ല. ശാസ്ത്രാർത്ഥങ്ങൾ വളരെ ശാന്തവും അച്ചടക്കപൂർണ്ണവുമായ രീതിയിൽ വേണം നടക്കുവാൻ. രാംഗഢിൽ വെച്ച് സ്വാമിജിക്ക് നേരെ നിരവധി വധശ്രമങ്ങൾ നടന്നു. അതൊന്നും വകവെക്കാതെ സ്വാമിജി തന്റെ ധർമ്മപ്രചാരണയാത്ര തുടർന്നു.

## മഹാദേവപ്രസാദിനെ മതം മാറുന്നതിൽ നിന്നും രക്ഷപ്പെടുത്തുന്നു

മറ്റു മതസമ്പ്രദായങ്ങളുടെ മഹത്വം മനസ്സിലാക്കി വ്യക്തികൾ ധർമ്മപരിവർത്തനം നടത്താറുണ്ട്. അത് പലപ്പോഴും സ്വധർമ്മത്തിന്റെ മേന്മയും അറിവും വേണ്ടത്ര ഇല്ലാത്തതിനാലാവാം. പ്രയാഗിലെ മഹാദേവപ്രസാദെന്ന വ്യക്തിയും അത്തരത്തിലുള്ളതായിരുന്നു. അവിടെയുള്ള പണ്ഡിതന്മാരോട് ഹിന്ദുധർമ്മത്തിന്റെ ശ്രേഷ്ഠത പറഞ്ഞുതരാൻ അദ്ദേഹം അപേക്ഷിച്ചു. അവർ എത്രതന്നെ വിശദീകരിച്ചു കൊടുത്തിട്ടും മഹാദേവപ്രസാദിനെ അത് സന്തുഷ്ടനാക്കിയില്ല. ആ സമയത്താണ് ഋഷി ദയാനന്ദൻ പ്രയാഗിലെത്തിയത്. സ്വാമിജിയുടെ യുക്തി സഹമായ ഉപദേശങ്ങൾ അയാളെ സംതൃപ്തനാക്കി. അങ്ങിനെ ക്രിസ്തുമതത്തിൽ ചേരാനുള്ള പാതിരിമാരുടെ ശ്രമത്തിൽ നിന്നും മഹാദേവ പ്രസാദ് രക്ഷപ്പെട്ടു. സ്വാമിജിയുടെ പ്രശസ്തി ക്രമേണ നാലുപാടും പരന്നു.

*(തുടരും)*

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

## അഞ്ചാം പ്രഭാഷണം (വേദവിഷയം)




**ഈ** സമ്പ്രദായക്കാരുടെ കൃഷി നല്ലനിലയിൽ നടക്കുന്നു. തങ്ങളുടെ ഈ വിപണനം അതിനാൽ ഇവർ എങ്ങിനെ ഉപേക്ഷിക്കും? യജമാനൻമാരുടെ മൂന്ന് ജന്മങ്ങൾക്ക് ഹാനി വന്നാലും അവർക്കെന്തു ചേതം? സ്ത്രീ-പുരുഷന്മാർ വേദാദ്ധ്യയനം നടത്തി അവലോകനം നടത്താൻ സമർത്ഥരാവുന്നതുവരെ ഈ കച്ചവടം അവസാനിക്കുകയില്ല. വൈകുണ്ഠത്തിലെത്താനുള്ള എളുപ്പവഴി തുളസിധാരണമാണെന്ന അബദ്ധ വിശ്വാസവും അന്നേ മാറികിട്ടുകയുള്ളു. ചന്ദന തിലക ധാരണം കൊണ്ടും മറ്റും സ്വർഗ്ഗം കിട്ടുമെങ്കിൽ മുഖം മുഴുവൻ ചന്ദനം പുരട്ടിയാൽ എന്തു കൊണ്ട് സുഖം കിട്ടുന്നില്ല. അതിനാൽ സഹോദരൻമാരെ ചിന്തിക്കൂ! ചന്ദനം, തിലകം, മാല എന്നിവയെല്ലാം അനാചാരികളുടെ പണം തട്ടാനുള്ള വേലകളാണ്. ഇത് യഥാർത്ഥ തീർത്ഥമല്ല. യഥാർത്ഥതീർത്ഥമെന്താണെന്നതിനുള്ള വചനം ഇതാണ്:-

**അഹിംസൻ സർവ്വഭൂതന്യത്ര തീർത്ഥേഭ്യഃ**

(ഛാന്ദോഗ്യ ഉപനിഷത്ത് 8.15.1)

**സതീർത്ഥ്യഃ സ ബ്രഹ്മചാരീ**

ഈ രണ്ടു പദങ്ങളും തീർത്ഥേ യേ, ചരണെ ബ്രഹ്മചാരിണി

(അഷ്ടാദ്ധ്യായി 6.6.87,86) പാണീനീയ സൂത്രത്തിന്റെ ക്രമശഃമായ ഉദാഹരണമാണ്.

**വിദ്യാവ്രതസ്നാതഃ**

(പാരസ്കര ഗൃഹ്യസൂത്രം 2.5.32) ബ്രഹ്മചാരിയായ പുരുഷൻ വിദ്യാസ്നാതൻ, വ്രതസ്നാതൻ എന്നിവരായി തീരുന്നു. ഇവരിൽ നിന്നുള്ള വേദവിദ്യ തന്നെയാണ് തീർത്ഥം.

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

***(തുടരും)***

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

**അ**ങ്ങയുടെ കൃപയാൽ-സഹായത്താൽ എല്ലാ വിഘ്നങ്ങളും ഞങ്ങളിൽ നിന്നും അകറ്റിമാറ്റി അങ്ങിനെ ഈ വേദഭാഷ്യം ചെയ്യാനുള്ള അനുഷ്ഠാനം സുഖപൂർവ്വം പൂർണ്ണമാവട്ടെ. ഈ അനുഷ്ഠാനത്തിൽ ഞങ്ങളുടെ ശരീരത്തിൽ ആരോഗ്യം, ബുദ്ധി, സജ്ജനങ്ങളുടെ സഹായം, ചതുരത, സത്യവിദ്യയുടെ പ്രകാശം എന്നിവ സദാ ഉണ്ടാവട്ടെ. ഈ ഭദ്ര സ്വരൂപ സുഖത്തെ അങ്ങ് അങ്ങയുടെ സാമർത്ഥ്യത്താൽ ഞങ്ങൾക്ക് നൽകിയാലും. ആ കൃപയാൽ സത്യവിദ്യായുക്തമായ അങ്ങയാൽ നിർമ്മിക്കപ്പെട്ട വേദങ്ങളുടെ യഥാർത്ഥ അർത്ഥമനുസരിച്ചുള്ള ഭാഷ്യത്തെ സുഖപൂർവ്വം തയ്യാറാക്കാനാവട്ടെ. അങ്ങയുടെ കൃപയാൽ ഈ വേദഭാഷ്യം സമ്പൂർണ്ണമാകട്ടെ. എല്ലാമനുഷ്യർക്കും സദാഉപകാരം നൽകുന്നതാവട്ടെ. അന്തര്യാമിയായ അങ്ങയുടെ പ്രേരണയാൽ ഞങ്ങൾ മനുഷ്യർക്ക് ഈ വേദഭാഷ്യത്തിൽ ശ്രദ്ധാസഹിതമായ അത്യന്തഉത്സാഹം ഉണ്ടാവട്ടെ. അങ്ങിനെ വേദഭാഷ്യമെഴുതുന്നതിലുള്ള ഞങ്ങളുടെ പ്രയത്നം യഥാവിധി സിദ്ധിക്കുകയും പ്രാപിക്കുകയും ചെയ്യട്ടെ. ഇപ്രകാരം അങ്ങ് ഞങ്ങളുടെ എല്ലാവരുടേയും മേൽ കൃപാദൃഷ്ടി ചൊരിഞ്ഞ് ഈ വലിയ സത്യകർമ്മത്തെ ഞങ്ങൾക്ക് സഹജമായി സിദ്ധിക്കുമാറാകട്ടെ.

യോ ഭൂതം ച ഭവ്യം ച സർവ്വം യശ്ചാധിതിഷ്ഠതി |
സ്വഃര്യസ്യ ച കേവലം തസ്മൈ ജ്യേഷ്ഠായ ബ്രാഹ്മണേ നമഃ || (1)
യസ്യ ഭൂമിഃ പ്രമാന്തരിക്ഷമുതോദരമ് |
ദിവം യശ്ചക്രേ മൂർദ്ധാനം തസ്മൈ ജ്യേഷ്ഠായ ബ്രാഹ്മണേ നമഃ || (2)
യസ്യ സൂര്യചക്ഷുശ്ചന്ദ്രമാശ്ച പുനർണവഃ |
അഗ്നിം യശ്ചക്ര ആസ്യം തസ്മൈ ജ്യേഷ്ഠായ ബ്രഹ്മണേ നമഃ || (3)
യസ്യവാതഃ പ്രാണാപാനൗ ചക്ഷുരങ്ഗിരസോऽഭവൻ |
ദിശോ യശ്ചക്രേ പ്രജ്ഞാനീസ്തസ്മൈ ജ്യേഷ്ഠായ ബ്രഹ്മണേ നമഃ || (4)

(അഥർവ്വവേദസംഹിതായാം കാണ്ഡം 10 പ്രപാഠകേ 23 അനുവാകം 4 മം 1.32,33,34)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

ഭാഷ്യം: (യോ ഭൂതം ച) യോ ഭൂത ഭവിഷ്യദ്വർത്തമാനാന് കാലാന് (സർവ്വയശ്ചാധി) സർവ്വജഗച്ചാധിതിഷ്ഠതി, സർവ്വാധിഷ്ഠാതാ സന് കാലാദൂർദ്ധ്വം വിരാജമാനോസ്തി | (സ്വര്യ) യസ്യ ച കേവലം നിർവ്വികാരം സ്വഃ സുഖസ്വരൂപമസ്തി യസ്മിൻ ദുഃഖം ലേശമാത്രമപിനാസ്തി, യദാനന്ദധനം ബ്രഹ്മാസ്തി (തസ്മൈ ജ്യേ) തസ്മൈ ജ്യേഷ്ഠായ സർവ്വോൽകൃഷ്ടായ ബ്രഹ്മണേ മഹതേ/ത്യന്തം നമോസ്തു നഃ || (1)

*(തുടരും)*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 2 — ബാലശിക്ഷണം

**ചോദ്യം 14 :** മാതാവ്, പിതാവ്, ആചാര്യൻ എന്നിവർ നമ്മേ ശിക്ഷിക്കുന്നത് എന്തിനാണ്?

**ഉത്തരം :** നമ്മുടെ ജീവിതത്തിലെ തിന്മകളെ നീക്കുന്നതിനായിട്ടാണ് മാതാപിതാക്കളും ആചാര്യനും നമ്മെ ശിക്ഷിക്കുന്നത്.

**ചോദ്യം 15 :** ശിക്ഷ കിട്ടുമ്പോൾ എങ്ങിനെ പെരുമാറണം?

**ഉത്തരം :** നമ്മുടെ നന്മക്കായാണ് ശിക്ഷ ലഭിച്ചത് എന്നു കരുതണം. ക്രോധം ഒഴിവാക്കി തെറ്റു തിരുത്താൻ തയ്യാറാവണം.

**ചോദ്യം 16 :** സദാചാരത്തിന് മൂന്ന് ഉദാഹരണങ്ങൾ പറയുക?

**ഉത്തരം :** 1. ശാന്തവും മധുരവുമായി സത്യം പറയുക

2. മുതിർന്നവരെ ആദരിക്കുക

3. മാതാപിതാക്കൾ, ഗുരു എന്നിവരെ സേവിക്കുക

**ചോദ്യം 17 :** മാതാപിതാക്കളുടെ പരമമായ കർത്തവ്യമെന്താണ്?

**ഉത്തരം :** തങ്ങളുടെ കുട്ടികളിൽ വിദ്യ, ധർമ്മം, ശ്രേഷ്ഠമായ ആചരണങ്ങൾ, ഉത്തമസംസ്കാരങ്ങൾ എന്നിവ വളർത്തുക എന്നത് മാതാപിതാക്കളുടെ പരമകർത്തവ്യമാണ്.

(തുടരും)

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി

## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



മനുഷ്യയോനിയിൽ മാത്രമാണ് ജീവാത്മാവിന് കർമ്മം ചെയ്യുന്നതിന് പൂർണ്ണസ്വാതന്ത്ര്യമുള്ളത്. ബാക്കിയുള്ള യോനിയിലെല്ലാം ജീവൻ ഈശ്വരനാൽ ഉണ്ടാക്കപ്പെട്ട നിയമങ്ങളാൽ പരതന്ത്രരായി കേവലം ഭോഗം മാത്രം ചെയ്യുന്നു. മനുഷ്യയോനിയാണ് സർവ്വശ്രേഷ്ഠമായ യോനി. ഈ യോനിയിൽ ഭോഗത്തോടൊപ്പം ഈശ്വരനോടുള്ള യോഗവും സംഭാവ്യമാണ്. ഈശ്വരാനന്ദത്തിന്റെ അനുഭവം ഈ യോനിയിൽ മാത്രമെ സാധ്യമായിട്ടുള്ളു. ഇതിൽ മനുഷ്യൻ സ്വകർമ്മഫലമായി ഒന്നുകിൽ മോക്ഷം പ്രാപിക്കുകയോ അതല്ലെങ്കിൽ നീചമായ യോനിയിൽ പതിക്കുകയോ ചെയ്യുന്നു. ഇതെല്ലാം മനുഷ്യന്റെ പൂർവ്വകർമ്മങ്ങളുടെയും വർത്തമാനകർമ്മങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഇതിനെല്ലാമുപരി ഈശ്വരകൃപയും ആവശ്യമാണ്. പശു, പക്ഷി, മനുഷ്യർ മുതലായ എല്ലാ ജീവികളും ജന്മമെടുക്കുമ്പോൾ തന്നെ മൃത്യുവിന്റെ വഴിയിലും എത്തുന്നു. എല്ലാ ജീവികളുടേയും ആയുസ്സും 100 വർഷമാണ്. എന്നാൽ ഇത് കൂടുകയോ കുറയുകയോ ചെയ്യാം. ഇപ്രകാരം എല്ലാ പ്രാണികളുടേയും ആയുസ്സ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മരണം എപ്പോൾ, എവിടെ, എങ്ങിനെ സംഭവിക്കുന്നു എന്ന് ആർക്കും അറിയില്ല. ഈശ്വരനു പോലും. ജീവാത്മാവ് അധർമ്മമാർഗ്ഗത്തിലൂടെ സഞ്ചരിക്കുകയാണെങ്കിൽ തന്റെ ജീവിതസന്ധ്യയിൽ എവിടെ എത്തിപ്പെടുമെന്ന് നമ്മുടെ പൂർവ്വസംസ്കാരങ്ങളിൽ നിന്നും വർത്തമാനവ്യവഹാരങ്ങളിൽ നിന്നും സർവ്വജ്ഞനായ ഈശ്വരന് അറിയാം. ആ വ്യക്തി ധർമ്മ മാർഗ്ഗത്തിലൂടെ ചരിക്കുകയും തന്റെ ജീവിതരീതി മാറ്റുകയും ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്താൽ ആ വ്യക്തിയുടെ ആയുസ്സ് വർദ്ധിക്കും. അതായത് നമ്മുടെ മൃത്യുവിന്റെ സമയം ഈശ്വരനുപോലും അറിയില്ല. മനുഷ്യന് കർമ്മത്തിനനുസൃതമായാണ് ഫലം ലഭിക്കുന്നത്.

യാതൊരു വസ്തുവാണോ ഉൽപ്പന്നമായിരിക്കുന്നത് അതിന് അന്ത്യവുമുണ്ട്, ജന്മമെടുത്തവന് മൃത്യുവും അനിവാര്യവും നിശ്ചിതവുമാണ്. ഇത് പ്രകൃതിയുടെ അലംഘനീയ നിയമമാണ്. സൃഷ്ടി രചന ഈശ്വരൻ ആരുടേയും സഹായമില്ലാതെ ന്യായപൂർണ്ണമായി ചെയ്യുന്നു. അതിന്റെ വിനാശവും എപ്പോൾ എവിടെ ചെയ്യണമെന്ന ജ്ഞാനവും പരമാത്മാവിൽ നിക്ഷിപ്തമാണ്. സൃഷ്ടിയും സംഹാരവും അദ്ദേഹം തന്നെ നടത്തുന്നു. പ്രകൃതിയിലെ എല്ലാ ഗതിവിഗതികളേയും നിയന്ത്രിക്കുന്നത് പരമാത്മാവിന്റെ സമ്പർക്കം കൊണ്ടുമാത്രമാണ്. സർവ്വജ്ഞനായതുകൊണ്ട് അദ്ദേഹത്തിന്റെ സൃഷ്ടി രചന കുറ്റമറ്റതാണ്. അതിനെ പറ്റി അദ്ദേഹം പൂർണ്ണജ്ഞാനവാനുമാണ്.

*(തുടരും)*

***ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)***
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



**ചു**റ്റുപാടുമുള്ള നൂറുകണക്കിന് റേഷൻ ഷാപ്പുകളിൽ പണമടച്ച് അരിയും മറ്റുസാധനങ്ങളും കാർഡുകാർക്ക് സൗജന്യമായി റേഷൻ വിതരണം ചെയ്യിച്ചും പുറമെ കേട്ടറിഞ്ഞ് മനക്കലെത്തിയ സാധുജനങ്ങൾക്ക് അരിയും പച്ചക്കറിയും പപ്പടവും പഴവും മറ്റും പ്ലാസ്റ്റിക്ക് കവറിലാക്കിവിതരണം നടത്തി.

1000 പറ അരിയാണ് പിറന്നാൾ ദിവസം മാത്രം വെച്ചത്. അന്നത്തെ സാമ്പാറിനുമാത്രം എത്ര പരിപ്പാണെന്നോ ഒന്നും രണ്ടുമല്ല, 60 പറ, എന്താണ് കഥ! ഷാജഹാൻ താജ്മഹൽ പണിഞ്ഞപോലെ, ഇതിനൊത്തൊരുജന്മദിനം ലോകം കാണട്ടെ എന്നു കരുതിയായിരിക്കാം ആർഭാടം കൂട്ടിയത്. പാചകച്ചുമതല പുലിക്കോട് നമ്പൂതിരിക്കായിരുന്നു. അദ്ദേഹം പ്രശസ്തപാചകവിദ്വാവിദഗ്ദ്ധനാണെങ്കിലും ഇവിടത്തെ ഏർപ്പാടുകൾ കണ്ടപ്പോൾ അമ്പരന്നുപോയി. വിരലിലിട്ടിരുന്ന ഒരു പവന്റെ മോതിരം ഊരി ശ്രീരാമസ്വാമിയുടെ തൃപ്പടിമേൽ അർപ്പിച്ച് ഹേ, മര്യാദാപുരുഷോത്തമാ! മാനം കാത്തുരക്ഷിക്കണെ.... എന്നുള്ളുചുട്ടുറക്കെ പ്രാർത്ഥിച്ച് മണ്ഡപത്തിൽ കയറി സാഷ്ടാംഗം പ്രണമിച്ചു. എന്തൊരു കഥയാണിത്. ഒരു സർക്കാരിനല്ലാതെ ഇങ്ങിനെ ആർക്കു സാധിക്കും.

ഈ തിരക്കിനിടയിൽ കിണറ്റിലും കുളത്തിലും ജലക്ഷാമമുണ്ടായാലൊ, എന്നു കരുതി ജന്മദിനോത്സവത്തിന് മാസങ്ങൾക്കുമുമ്പുതന്നെ മുൻകരുതലെന്നോണം കുഴൽകിണർ വിദഗ്ദ്ധർ മദിരാശിയിൽ നിന്ന് ചെല്ലും. ചിലവും കൊടുത്താണ് കൊണ്ടുവരുന്നത്. ഏകദേശം ഒരു ല കാരത്തിൽപരം അതിന് ചിലവായി കാണും. മൂന്നു കിണറുകൾ കുഴിച്ചു. ഒന്ന് ക്ഷേത്രസന്നിധിയിലും രണ്ടാമത്തേത് സിനിമാഹാളുപോലെ വിശാലാമാക്കിപ്പണിത പൂമുഖത്തിന്റെ തൊട്ടടുത്തുള്ള കുളത്തിന്നരികിലും മൂന്നാമത്തേത് അന്തർജ്ജനങ്ങളുടെ സൗകര്യാർത്ഥം കിഴക്കുഭാഗത്തുള്ള അടുക്കള ഭാഗത്തിന്റെ മുറ്റത്തും. വ്യഷ്ടിയുടെ ഈഗോയിസപ്രകടനത്തിന് - ദുഷ്പ്രഭുത്വത്തിന് - വേണ്ടിയാണിത്രയും കാട്ടികൂട്ടിയത്. ഇക്കണ്ട ല കാരങ്ങൾ സ്വന്തം ധനാഹന്താ പ്രതാപ പ്രദർശനാർത്ഥം ഒഴുക്കികളയാതെ നാടിന്റേയും നാട്ടുകാരുടേയും വികസനാർത്ഥം ഉപയുക്തമാക്കിയിരുന്നുവെങ്കിൽ ഇന്നീ നാടിന്റെ സ്ഥിതി എന്താകുമായിരുന്നു? ഒന്നാലോചിച്ചു നോക്കൂ!

(തുടരും)

> ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)
> അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും





(മുൻ ലക്കത്തിന്റെ തുടർച്ച)

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ: നചികേതസ്

**52. അനാദി പദാർത്ഥം:-** ഈശ്വരൻ, ജീവാത്മാവ്, ജഗത്തിന്റെ കാരണം എന്നിവ സ്വരൂപേണ അനാദിയാകുന്നു. എന്തിന്റെയാണോ ഉൽപ്പത്തിയുണ്ടാവാത്തത് അതിന്റെ നാശവുമുണ്ടാവുന്നില്ല. അതിനാൽ ഇവ മൂന്നും അനാദിയാണ്.

**53. പ്രവാഹത്താൽ അനാദി പദാർത്ഥം:-** കാര്യജഗത്, ജീവാത്മാവിന്റെ കർമ്മം ഇവയുടെ സംയോഗ-വിയോഗങ്ങൾ എന്നീ മൂന്നും പരമ്പരയാ അനാദിയാണ്. പ്രവാഹത്താൽ അനാദി എന്നതുകൊണ്ട് ഏതൊന്നാണോ സ്വന്തം കാരണത്താൽ ഉൽപ്പന്നമാവുകയും എന്നാൽ വീണ്ടും വീണ്ടും ഉൽപ്പന്നമാവുകയോ നഷ്ടമാവുകയോ ചെയ്യുന്ന പരമ്പരയിൽ പെടുകയും ചെയ്യുന്നത് അവയാണെന്ന് പറയാം. ഈ സൃഷ്ടി ജീവാത്മാക്കളുടെ കർമ്മവും അഥവാ അവയുടെ സംയോഗ-വിയോഗത്താൽ ഈ മൂന്നെണ്ണത്താലും പരമ്പരയാ അനാദിയാണ്. സ്വരൂപത്താലല്ലാ എന്തെന്നാൽ ഇവ വീണ്ടും ഉൽപ്പന്നമാവുകയും നഷ്ടമാവുകയും ചെയ്യുന്നു.

**54. അനാദിയുടെ സ്വരൂപം:-** ഏതൊന്നാണോ ഒരിക്കലും ഉൽപ്പന്നമാവാത്തത് ഏതൊന്നിനാണോ ഒരു കാരണവും ഇല്ലാത്തത് അതായത് സദാ സ്വയം സിദ്ധാന്തമായതേതോ അതാണ് അനാദി എന്നു പറയുന്നത്.

**55. പുരുഷാർത്ഥം:-** സർവ്വദാ ആലസ്യത്തെ ഉപേക്ഷിച്ച് ഉത്തമമായ വ്യവഹാരങ്ങളുടെ സിദ്ധിക്കായി മനസ്സ്, ശരീരം, വാണി, ധനം എന്നിവയിൽ അത്യന്ത പരിശ്രമം ചെയ്യുന്നതിനേയാണ് പുരുഷാർത്ഥമെന്നു പറയുന്നത്. പുരുഷാർത്ഥമില്ലാതെ ഒരു കാര്യവും നടക്കില്ല. പരിശ്രമിയായ വ്യക്തി പുരുഷാർത്ഥം ചെയ്യുന്നു. എന്നാൽ അലസനും പ്രമാദിയുമായവൻ ഭാഗ്യം പ്രതീക്ഷിച്ച് വെറുതെ ഇരിക്കുന്നു.

**56. പുരുഷാർത്ഥഭേദങ്ങൾ:-** ലഭിക്കാത്ത വസ്തുക്കളിൽ ആഗ്രഹം വെച്ചുപുലർത്തുക. ലഭിച്ചവയെ നന്നായി സംരക്ഷിക്കുക, രക്ഷിച്ചവയെ വർദ്ധിപ്പിക്കുക, വർദ്ധിത വസ്തുവിനെ സത്യവിദ്യയുടെ ഉന്നതിക്കും ഹിതത്തിനുമായി ചിലവഴിക്കുക ഈ നാലുകർമ്മങ്ങൾ പുരുഷാർത്ഥകർമ്മങ്ങളുടെ ഭേദങ്ങളാണ്. പുരുഷാർത്ഥത്തിലൂടെ മാത്രമെ ഏതൊരു വസ്തുവിന്റേയും നേടലും, സംരക്ഷിക്കലും, വർദ്ധനവും നടക്കുകയുള്ളു. അലസനായി ഇരുന്നാൽ നടക്കില്ലത്. ലഭിച്ച വസ്തുക്കളെ സർവ്വഹിതകാരിയായ കർമ്മങ്ങൾക്കായി ചിലവഴിക്കുന്നതിനേയും മഹർഷി ദയാനന്ദൻ പുരുഷാർത്ഥമെന്ന് അംഗീകരിച്ചിട്ടുണ്ട്.

(തുടരും)

> മാ സ്രോധത (ഋഗ്വേദം 6.32.9)
> ഹിംസ ചെയ്യാതിരിക്കൂ

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ശത്രുവോ? മിത്രമോ?

**ഋശ്യശൃംഗൻ**

**മാം**സഭക്ഷണം വെറുക്കപ്പെടേണ്ടതാണ്, കാരണം അത് ഒരു ജീവിയുടെ അവയവമാണ്. മനുഷ്യൻ മാംസത്തെ സ്വാദിഷ്ഠമാക്കാൻ സുഗന്ധവ്യഞ്ജനങ്ങളും, മുളകും, പച്ചക്കറിയും മറ്റും അവയോട് ചേർത്തുപയോഗിക്കുന്നു. നമുക്ക് പാകം ചെയ്തല്ലാതെ പച്ചമാംസം കഴിക്കാൻ സാദ്ധ്യമല്ല. അപരിഷ്കൃതരായ വനവാസികൾക്കും, കാട്ടുമൃഗങ്ങൾക്കും രാക്ഷസൻമാർക്കും (നരഭോജി) മാത്രമെ പച്ചമാംസം ഭക്ഷിക്കാൻ കഴിയൂ, ഒരിക്കലും സംസ്ക്കാരബോധമുള്ള ആധുനിക മനുഷ്യന് സാദ്ധ്യമല്ല. എന്നാൽ വന്യമൃഗങ്ങളായ സിംഹം, കടുവ എന്നിവ പച്ചമാംസം സേവിക്കുന്നത് സ്വാഭാവികമാണ്. എന്നാൽപോലും ആ മൃഗങ്ങളിൽ തന്നെ വലിയൊരു വിഭാഗം - ഉദാഹരണമായി ഭീമാകാരരായ ദിനോസറുകളും, ആനകളും മറ്റും സസ്യാഹരികളാണ്, എത്രയോ യുഗങ്ങളായി. മാംസഭക്ഷണം നിലനിൽക്കാനുള്ള അടിസ്ഥാന കാരണങ്ങൾ അതിന്റെ ദോഷവശങ്ങളെ പറ്റിയുള്ള അജ്ഞതയും, മനുഷ്യന്റെ ഒടുങ്ങാത്ത മാംസാഹാരക്കൊതിയും ആണ്. ഇത്തരം ആളുകൾ അവരുടെ തന്നെ അടങ്ങാത്ത മോഹങ്ങളുടെ അടിമകളായി ജീവിക്കുന്നു. സസ്യവിഭവങ്ങളുടെ ഭൂമിയിലെ ദൗർല്ലഭ്യം ആണ് മാംസാഹാരത്തിന്റെ ഉൽഭവത്തിന് കാരണം എന്ന മാംസാഹാരികളുടെ വാദഗതി പൊള്ളയായതും, അടിസ്ഥാനരഹിതവുമാണ്. അഥവാ അങ്ങനെ ഒരു രാജ്യത്ത് സസ്യാഹാരത്തിന് ക്ഷാമം നേരിട്ടാൽ തന്നെ മറ്റു രാജ്യങ്ങളിൽ നിന്ന് അവ എത്തിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഈശ്വരന്റെ സാമ്രാജ്യമായ ഈ ലോകത്തിൽ ഏവരുടേയും ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളും ഭക്ഷണസാധനങ്ങളും പച്ചപ്പും ഉണ്ട്. അവ അനന്തമാണ്, അളവറ്റവയാണ്, ഒരിക്കലും നശിക്കാത്ത അക്ഷയ പാത്രമാണ്.

എങ്ങിനെയാണ് ആർടിക് മേഖലയിലെ മൃഗങ്ങൾ വിശപ്പടക്കുന്നത്? അവ മൽസ്യമോ മറ്റുമൃഗങ്ങളുടെ മാംസമോ കഴിക്കുന്നുണ്ടോ? ഒരിക്കലും ഇല്ല എന്നിട്ടും അവ കഠിനമായ കാലാവസ്ഥയിൽ വലിയ ഭാരം ചുമക്കുന്നു. അതേ സമയം സ്വാഭാവിക ജീവിതം നയിക്കുന്നു.

ഒരു മതവും അഹിംസയെ തള്ളിക്കളയുന്നില്ല. എല്ലാ ജീവജാലങ്ങളും ഈശ്വരന്റെ മക്കളാണ്. അതിനാൽ മൃഗങ്ങളും പക്ഷികളും മനുഷ്യരുടെ സഹജീവികളും ഈ ലോകകുടുംബത്തിലെ അംഗങ്ങളുമാണ്. അവർക്കും നമ്മുടേതിന് സമാനവികാരങ്ങളായ വേദന, കരച്ചിൽ, ഭയം, വിശപ്പ്, ജീവിച്ചിരിക്കാനുള്ള മോഹം എന്നിവ എല്ലാം നിലനിൽക്കുന്നു. അവ കൊല്ലപ്പെടാൻ ആഗ്രഹിക്കുന്നില്ല. അതിനാലാണ് മൃഗങ്ങൾ അവയ്ക്ക് ഭയം വരുമ്പോൾ ഓടി ഒളിയ്ക്കുന്നത്. ഒരു പൂച്ച നായയിൽ നിന്നും, ഉപദ്രവിക്കാൻ വരുന്ന മനുഷ്യനിൽ നിന്നും മറ്റൊരു മനുഷ്യൻ പോലും ഓടിയകലുന്നത് പ്രാണഭയം കൊണ്ടാണ്. ബുദ്ധിയും, യുക്തിയും, വിവേചനശക്തിയും മനുഷ്യർക്കുമാത്രം

> *മാ നിന്ദത (ഋഗ്വേദം 4.5.2)*
> *നിന്ദിക്കാതിരിക്കൂ!*





നൽകപ്പെട്ടിട്ടുള്ള ഈശ്വരന്റെ പ്രത്യേക വരദാനമാണ്. അതിനാൽ മനുഷ്യൻ അവയെ പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളുടേയും നന്മയ്ക്കുവേണ്ടി ഉപയോഗിക്കണം. ചില കപടമതഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പാപപരിഹാരത്തിനായികൊണ്ടുള്ള മൃഗബലിയും മറ്റും ശുദ്ധ അസംബന്ധവും, യുക്തിരഹിതവുമാണ്. തെറ്റ് ചെയ്ത വ്യക്തി സ്വയം ത്യാഗമനുഷ്ഠിക്കണം. എന്തിന് അയാളുടെ പാപപരിഹാരത്തിനായി ഒരു നിരപരാധിയും സാധുവും, നിസ്സഹായയുമായ ജീവി ഈശ്വരന്റെ നാമത്തിൽ കൊല്ലപ്പെടണം? ആ മൃഗങ്ങൾക്കും അവരുടേതായ കുടുംബമില്ലേ. ഒരു പശുവിന് ബന്ധുവായി ഒരു പശുക്കിടാവ് ഉണ്ടായിരിക്കില്ലേ? ഒരു കോഴിക്കുഞ്ഞിന് അതിന്റെ തള്ളക്കോഴി ഉണ്ടായിരിക്കില്ലേ? ഈ ജീവികളെല്ലാം സന്താനങ്ങളെ ഉണ്ടാക്കുന്നത് ഏതെങ്കിലും മനുഷ്യദേവതകൾക്ക് ബലിയർപ്പിക്കാനോ ഏതെങ്കിലും മനുഷ്യരുടെ വയർ നിറക്കാനോ ആണോ?

ഇവിടെ നമുക്കൽപം ചിന്തിക്കാം. സർവ്വശക്തനായ ഈശ്വരൻ ധാരാളം ഭക്ഷ്യധാന്യങ്ങളും മറ്റു പച്ചക്കറികളും വൻതോതിൽ പ്രകൃതിയിൽ പറയത്തക്ക ഒരു ക്ഷാമവും ഇല്ലാത്ത രീതിയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഏകദേശം നൂറ് വർഷം മുമ്പ് ജനസംഖ്യ നാൽപതോ അൻപതോ കോടിമാത്രമായിരുന്നു. ഇപ്പോഴത് ഇരട്ടിയിലധികം ആയിരിക്കുന്നു. (2013 ൽ ഏകദേശം 130 കോടി). എന്നിട്ടുപോലും എവിടേയും ഭക്ഷണത്തിന്റെയോ പച്ചക്കറിയുടേയോ ക്ഷാമം ഉണ്ടായിട്ടില്ല. കുറേ ആളുകൾ മാംസഭക്ഷണം ശീലമാക്കിയത് കൊണ്ടാണ് ഭക്ഷ്യധാന്യങ്ങൾക്ക് ക്ഷാമം ഇല്ലാതിരിക്കുന്നത് എന്ന് ഒരു അസംബന്ധമായ വാദഗതി നിലനിൽക്കുന്നു. ഇത് തികച്ചും അടിസ്ഥാനരഹിതമാണ്. മാംസഭുക്കുകൾ അരി, ഗോതമ്പ്, പച്ചക്കറി, പഴം തുടങ്ങിയവ കഴിക്കുന്നില്ലേ? തീർച്ചയായും ഉണ്ട്. എന്നിട്ടുപോലും ഭക്ഷ്യധാന്യങ്ങൾക്കൊന്നും ഒരു ക്ഷാമവും ഇല്ല. വരും വർഷങ്ങളിൽപോലും അവയ്ക്ക് ക്ഷാമം ഉണ്ടാകില്ല. തീർച്ചയായും പ്രകൃതി മാതാവ് നമ്മോട് വളരെ ദയാവായ്പോടുകൂടിയാണ് വർത്തിക്കുന്നത്.

മറ്റൊരു പൊള്ളയായ വാദഗതിയുണ്ട്. അത് എന്തെന്നാൽ ലോകത്തിൽ സസ്യാഹാരത്തിന് ക്ഷാമം ഇല്ലാതിരിക്കുന്നത് നിരവധി ആളുകൾ മാംസഭുക്കുകളാണ് എന്നതത്രെ. ഇതും അടിസ്ഥാന രഹിതമായ കാര്യമാണ്. ഈ മാംസഭുക്കുകളായ മനുഷ്യർ അരി, ഗോതമ്പ്, പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയ സസ്യഭക്ഷണവും ഭുജിക്കുന്നില്ലേ. തീർച്ചയായും അവർ കഴിക്കുന്നുണ്ട്. എന്നിട്ടുപോലും സസ്യാഹാരത്തിന്റെ സുലഭതയ്ക്ക് വരാനിരിയ്ക്കുന്ന വർഷങ്ങളിലേക്ക് പോലും യാതൊരു കുറവും ഉണ്ടാകില്ല. എല്ലാറ്റിലും ഉപരിസർവ്വശക്തനായ ഈശ്വരൻ മൃഗങ്ങൾക്ക് വേണ്ടതായ ഭക്ഷണം ഒരു ശരാശരി മനുഷ്യന് ആവശ്യമുള്ളതിനേക്കാൾ 15 മുതൽ 20 ഇരട്ടി വരെ പ്രദാനം ചെയ്യുന്നതിനുള്ള സംവിധാനം പ്രകൃതിയിൽ ഏർപ്പെടുത്തിയിരിക്കുന്നു. തീർച്ചയായും പ്രകൃതിമാതാവ് നമ്മോട് ദയാദാക്ഷിണ്യമുള്ളവൾ തന്നെ.

*(തുടരും)*

> ***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
> ***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***